# പിന്നാക്ക വിഭാഗ വികസന വകുപ്പ്
# എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
# സിവിൽ സ്റ്റേഷൻ , എറണാകുളം

**ഫോൺ : 0484 2983130 e-mail: ekmbcdd@gmail.com**

..........................................................................................................

BCDEKM/28/2023-A1 തീയതി:24-08-2024

..........................................................................................................

## <u>അറിയിപ്പ്</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് ക്ലറിക്കൽ ജോലികൾ നിർവഹിക്കുന്നതിനായി മതിയായ യോഗ്യതകളുള്ള ഒരു ഉദ്യോഗാർഥിയെ എറണാകുളം മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലേക്കു ദിവസവേതനാടിസ്ഥാനത്തിൽ താത്ക്കാലികമായി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് 07-09-2024 ന രാവിലെ 10.30 ന ചുവടെ ചേർക്കുന്ന യോഗ്യതകളോട് കൂടിയ ഉദ്യോഗാർഥികളുടെ കൂടിക്കാഴ്ച എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷൻ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന പിന്നാക്ക വിഭാഗ വികസന വകുപ്പിൻ്റെ എറണാകുളം മേഖല ഓഫീസിൽ വെച്ച് നടത്തുന്നതാണ്.

<u>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</u>

- കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു /തത്തുല്യം ആയിരിക്കും .
- കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമാണ് (കൂടിക്കാഴ്ച വേളയിൽ ഇതു സംബന്ധിച്ച പ്രാക്ടിക്കൽ അറിവ് പരിശോധിക്കുന്നതാണ് ).
- മലയാളം ടൈപ്പിംഗ് അഭികാമ്യം(പരിശോധനക്ക് വിധേയം ).
- സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവർക്കു മുൻഗണന നൽകുന്നതാണ്.
- 2024 ആഗസ്റ്റ് 1 അടിസ്ഥാനമാക്കി 18 നും 45 നും ഇടയിൽ പ്രായമുള്ളവരായിരിക്കണം.
- ക്ലറിക്കൽ തസ്തികയുടെ താത്കാലിക വേതനം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം പ്രവൃത്തി ദിവസങ്ങളിൽ 755/- രൂപ ദിവസ വേതനം കണക്കാക്കി അനുവദിക്കുന്നതാണ്.
- യോഗ്യതയുടെയും അനുബന്ധരേഖകളുടെയും സൂക്ഷ്മപ്പരിശോധനയുടെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിലാണ് ജീവനക്കാരെ തിരഞ്ഞെടുക്കുന്നത്.
- നിയമനം ലഭിക്കുന്ന പക്ഷം ,ലഭ്യമാകുന്ന അപേക്ഷകളുടെ എണ്ണത്തിന് അനുസരിച്ച് യഥാസമയം പരിശോധന പൂർത്തിയാക്കുന്നതിനു കൂടുതൽ സമയം വേണ്ടി വരുന്ന സാഹചര്യത്തിൽ അധിക സമയം കൂടി എടുത്ത് ബന്ധപ്പെട്ട ജോലികൾ പൂർത്തിയാക്കുന്നതിനു സന്നദ്ധരായിരിക്കണം .
- സേവനം തൃപ്തികരമല്ലായെങ്കിലോ കൃത്യവിലോപങ്ങൾ ഉണ്ടാകുന്ന പക്ഷമോ ഉടൻ സേവനം അവസാനിപ്പിക്കുന്നതാണ്.

<u>കൂടിക്കാഴ്ച സമയത്ത് സമർപ്പിക്കേണ്ട രേഖകൾ</u>

- ബയോഡേറ്റ
- വിദ്യാഭ്യാസ യോഗ്യതകൾ സംബന്ധിച്ച അസ്സൽ സാക്ഷ്യപത്രങ്ങൾ(ആയതിൻ്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ)

- വയസ്സ് തെളിയിക്കുന്നതിനുള്ള  സാക്ഷ്യപത്രം.(എസ്.എസ്.എൽ.സി )
- പ്രവൃത്തി പരിചയ സാക്ഷ്യപത്രം (ഉണ്ടെങ്കിൽ )
- ആധാർ /തിരിച്ചറിയൽ കാർഡ്